വയനാട്	2	-	-	2
കണ്ണൂർ	4	-	2	6
കാസർഗോഡ്	2	-	-	2
	63	3	15	81

(ബി) 1998 ഡിസംബർ മുതൽ 1999 മേയ് വരെയുള്ള കാലയളവിൽ മായം ചേർക്കൽ നിയമപ്രകാരം 134 കേസ്സുകൾ ഫുഡ് ഇൻസ്പെക്ടർമാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) മായം ചേർക്കൽ തടയുന്നതിന് ഫലപ്രദമായ നടപടികൾ കൈകൊള്ളുന്നുണ്ട്.

113 (113) പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനം

ശ്രീ. പി. രാജു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96, 1996-97, 1997-98 എന്നീ വർഷങ്ങളിൽ സംസ്ഥാനത്ത് ഉല്പാദിപ്പിച്ച പാൽ, മുട്ട, ഇറച്ചി എന്നിവയുടെ അളവ് എത്ര വീതം ആയിരുന്നു;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ ഉപഭോഗാവശ്യം എത്ര വീതമായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) ജനസംഖ്യാനുപാതികമായി ഇവയുടെ ഉല്പാദനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തം ആക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1995-96,1996-97,1997-98 വർഷങ്ങളിൽ സംസ്ഥാനത്തെ പാൽ ഉല്പാദനം യഥാക്രമം 22.42 ലക്ഷം മെട്രിക് ടൺ,22.58 ലക്ഷം മെട്രിക് ടൺ, 25.20 ലക്ഷം മെട്രിക് ടൺ എന്നിങ്ങനെയും മുട്ടയുല്പാദനം 198.7 കോടി 202.4 കോടി, 202.3 കോടി എണ്ണം എന്നിങ്ങനെയും ഇറച്ചിയുടെ ഉൽപാദനം യഥാക്രമം 137.99 ആയിരം ടൺ, 140.33 ആയിരം ടൺ, 145.99 ആയിരം ടൺ എന്നിങ്ങനെയും ആയിരുന്നു.

(ബി) 1995-96,1996-97,1997-98 എന്നീ വർഷങ്ങളിൽ പാലിന്റെ ഉപഭോഗാവശ്യം യഥാക്രമം 26.30 ലക്ഷം ടൺ, 27.10 ലക്ഷം ടൺ, 28.12 ലക്ഷം ടൺ എന്നിങ്ങനെയും മുട്ടയുടേത് യഥാക്രമം 242.7 കോടി, 251.1 കോടി, 259.7 കോടി എണ്ണം എന്നിങ്ങനെയും ഇറച്ചിയുടേത് യഥാക്രമം 154.92 ആയിരം ടൺ, 158.15 ആയിരം ടൺ 161.37 ആയിരം ടൺ എന്നിങ്ങനെയും കണക്കാക്കപ്പെട്ടിരിക്കുന്നു.

(സി) ജനസംഖ്യാനുപാതികമായി പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തമാക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(1) പാലുല്പാദനത്തിന്

1. വിജ്ഞാനവ്യാപന പ്രവർത്തനം പുൽക്കൃഷി പ്രചാരണ പദ്ധതി, പ്രാഥമിക ക്ഷീര സഹകരണ സംഘം രൂപീകരണം തുടങ്ങിയവ നടപ്പിലാക്കുക.

2. മുന്തിയതരം വിത്തുകാളകളുടെ ബീജം ഉപയോഗിച്ച് ബീജസങ്കലനം നടത്തി നാടൻ പശുക്കളുടെ വർഗ്ഗോദ്ധാരണം സാദ്ധ്യമാക്കുക.

3. മലബാർ മേഖലയിൽ കൂടുതൽ ബീജസങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

4. കാലാകാലങ്ങളിൽ ഉണ്ടാകുന്ന സാംക്രമിക രോഗങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുക.

5. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വ്യാപിപ്പിക്കുക

6. എംബ്രിയോ ട്രാൻസ്ഫർ (കൃത്രിമ ഭ്രൂണദാനപരിപാടി, മുഖേന മുന്തിയ ഇനം കന്നുകുട്ടികളെ ഉല്പാദിപ്പിക്കുക)

7. ശാസ്ത്രീയമായ രീതിയിൽ കന്നുകാലി വളർത്തലിന് കർഷകരെ പരിശീലിപ്പിക്കുക.

8. പ്രീമിയം ബുൾസെമൻ ഉപയോഗിച്ചുള്ള ബീജസങ്കലനം നടത്തുക.

9. മൃഗചികിത്സാ സൗകര്യങ്ങൾ വിപുലീകരിക്കുക.

10. കാലിത്തീറ്റ ഉല്പാദനം വർദ്ധിപ്പിക്കുക

11. രോഗ നിരീക്ഷണ-നിയന്ത്രണ പരിപാടികൾ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുക.

12. ഉല്പാദന ശേഷിയുള്ള പശുക്കളെ ഇൻഷുർ ചെയ്യാൻ സഹായം കൊടുക്കുക.

(2) മുട്ടയുല്പാദനത്തിന്

1. സർക്കാർ കോഴിവളർത്തൽ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി മുട്ടയുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടി.

2. എഗ്ഗർ നഴ്സറികൾ സ്ഥാപിക്കുന്ന പദ്ധതി

3. വീട്ടുപരിസരത്തെ കോഴിവളർത്തൽ പ്രോൽസാഹിപ്പിക്കുന്ന നടപടി.

4. താറാവ്/ കാട വളർത്തൽ വികസന പദ്ധതി.

5. താറാവ് നഴ്സറികൾ വിപുലീകരിക്കുന്നതിനുള്ള നടപടി.

6. കോഴിത്തീറ്റയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.

7. ഊർജ്ജിത കോഴിവളർത്തൽ ബ്ലോക്കുകൾ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതി.

8. മുട്ടക്കോഴി വളർത്തലിനുള്ള പരിശീലന പരിപാടി.

9. മുട്ടക്കോഴികളുടെ ആരോഗ്യസംരക്ഷണത്തിനും രോഗപ്രതിരോധത്തിനുമുള്ള നടപടികൾ

(3) ഇറച്ചിയുല്പാദനത്തിന്.

1. ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പൈലറ്റ് പദ്ധതി.

2. ഇറച്ചിക്കോഴി വളർത്തൽ പരിശീലന പരിപാടി.

LIBRARY ARCHIVES Kerala Legislative Assembly

3. സർക്കാർ പന്നിവളർത്തൽ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി പന്നിക്കുഞ്ഞുങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ

4. ഊർജ്ജിത പന്നിവളർത്തൽ വികസന പദ്ധതി.

5. പന്നിവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

6. പൗൾട്രി ഡ്രസ്സിംഗ് പ്ലാന്റുകൾ സ്ഥാപിക്കൽ

7. സർക്കാർ ആടുവളർത്തൽ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ആട്ടിൻകുട്ടികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.

8. ദേശിയ ആൺ ആട് വളർത്തൽ പദ്ധതി

9. പന്നിവളർത്തൽ / ആട് വളർത്തൽ പരിശീലന പരിപാടികൾ.

10. സർക്കാർ മുയൽ വളർത്തൽ യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി.

11. അത്യുൽപ്പാദനശേഷിയുള്ള കോഴി, താറാവ്, കാട, പന്നി, മുയൽ, ആട് എന്നിവയുടെ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുക.

114 (114) കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിലെ നിയമനം

<u>ശ്രീ. ഇ.എം. അഗസ്തി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിൽ അൺസ്കിൽഡ് തൊഴിലാളികൾ/ പെർമനന്റ് തൊഴിലാളികളുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ മാട്ടുപ്പെട്ടി, ധോണി, കുളത്തുപ്പുഴ, പീരുമേട് എന്നിവിടങ്ങളിൽ എത്ര വീതം ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പുതുതായി ആരംഭിച്ച തൃശ്ശൂർ (പുത്തൂർ) പന്നി ഫാമിൽ അവിദഗ്ദ്ധ തൊഴിലാളികളെ നിയമിച്ചിട്ടുണ്ടോ;

(ഡി) അവിടെ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വിശദീകരിക്കുമോ;

(ഇ) അവിദഗ്ദ്ധ തൊഴിലാളികളെ നിയമിച്ചിട്ടില്ലെങ്കിൽ എന്താണ് കാരണം എന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ ബോർഡിൽ സർവ്വീസ് റൂൾ നിലവിലുണ്ടോ;

(ജി) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എച്ച്) സംവരണ തത്വം പാലിച്ചാണോ നിയമനം നടത്തുന്നത്; ആയതിന്റെ വിശദ വിവരം നൽകുമോ?

<u>ഉത്തരം</u>

(എ) കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിൽ അൺസ്കിൽഡ് തൊഴിലാളികളുടെ 34 തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്. എന്നാൽ കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ നടത്തിയ പഠന 203/2010.

LIBRARY ARCHIVES Kerala Legislative Assembly